(ബി) പ്രസ്തുത യു.ഐ.ടി. അടിയന്തരമായി ആരംഭിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) സർവ്വകലാശാലയുടെ മുൻകാല ബജറ്റ് പ്രസംഗത്തിൽ പ്രസ്തുത യു.ഐ.ടി. ആരംഭിക്കുന്നത് സംബന്ധിച്ച പ്രഖ്യാപനമുണ്ടായിരുന്നുവെങ്കിലും ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ നിലവിലുള്ള യു.ഐ.ടി.കളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് സർവ്വകലാശാല മുൻഗണന നൽകുന്നത്. ആയതിനാൽ നിലവിൽ പുതിയ യു.ഐ.ടി. ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

കേരള സർവ്വകലാശാലയിൽ മലയാള മഹാനിഘണ്ടു മേധാവി നിയമനം

135 (2855) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. സി. ആർ. മഹേഷ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ മലയാള മഹാനിഘണ്ടു മേധാവിയായി നിയമിച്ച വ്യക്തി മുൻപ് യു.ജി.സി. ഫണ്ട് കൈപ്പറ്റിയിട്ടും സംസ്കൃത ഭാഷ നിഘണ്ടു തയ്യാറാക്കിയില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്കൃത സർവ്വകലാശാല പ്രൊഫസറായിരിക്കെ സംസ്കൃത ഭാഷ നിഘണ്ടു തയ്യാറാക്കിയില്ലെന്ന കാരണത്താൽ കൈപ്പറ്റിയ തുക സർവ്വകലാശാല നിരന്തരം ആവശ്യപ്പെട്ട പ്രകാരം തിരിച്ചടച്ച വ്യക്തിക്ക് കേരള സർവ്വകലാശാലയിൽ മലയാള മഹാനിഘണ്ടു മേധാവിയായി നിയമനം നൽകിയതിന്റെ അടിസ്ഥാനം വ്യക്തമാക്കാമോ?

(എ&ബി) മലയാള മഹാനിഘണ്ടു എഡിറ്റർ തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷൻ നിയമനത്തിനായി ചുമതലപ്പെടുത്തിയ സെലക്ഷൻ കമ്മിറ്റി യോഗ്യതകൾ നിശ്ചയിച്ച്, രേഖകൾ പരിശോധിച്ച്, അഭിമുഖം നടത്തി നൽകിയ ശിപാർശ പ്രകാരമാണ് സിൻഡിക്കേറ്റിന്റെ അനുമതിയോടെ താൽക്കാലികമായ ഡെപ്യൂട്ടേഷൻ നിയമനം നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly